# അപ്പീൽ പരിഗണനയിലിരിക്കെ ബേങ്ക് എക്കൗണ്ട് ജപ്തി ചെയ്തത് നിയമവിരുദ്ധം

## മദ്രാസ് ഹൈക്കോടതി

W.P. No. 3824/2020 Dt. 18.2.2020

ഗൂഡല്ലൂർ മുനിസിപ്പാലിറ്റി

x

അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

ഗൂഡല്ലൂർ മുനിസിപ്പാലിറ്റിക്ക് ഇ.പി.എഫ്. നിയമം ബാധകമാണ്. സ്ഥാപനത്തിന്റെ ഇ.പി.എഫ്. വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം പൂർത്തിയാക്കിയതിനു ശേഷം കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചു. 2016 മുതൽ 2019 വരെയുള്ള കാലയളവിലെ വിഹിതമായി മുപ്പത് ലക്ഷത്തിലധികം രൂപ മുനിസിപ്പാലിറ്റി അടയ്ക്കണമെന്നാണ് ഉത്തരവിൽ വ്യക്തമാക്കിയത്. പ്രസ്തുത ഉത്തരവ് മുനിസിപ്പാലിറ്റിക്ക് സ്വീകാര്യമല്ലാത്തതിനാൽ മേനേജ്മെന്റ് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. അപ്പീൽ മെമ്മോറാണ്ടത്തോടൊപ്പം രണ്ട് ഉപ ഹർജികളും മേനേജ്മെന്റ് സമർപ്പിച്ചു. ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവ് തൽക്കാലത്തേക്ക് സ്റ്റേ ചെയ്യണമെന്നും മുൻകൂർ നിക്ഷേപ വ്യവസ്ഥ ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടാണ് മുനിസിപ്പാലിറ്റി ഉപ ഹർജികൾ സമർപ്പിച്ചത്. അപ്രകാരമിരിക്കെ ഇ.പി.എഫ്. കമ്മീഷണർ മുനിസിപ്പാലിറ്റിയുടെ ബേങ്ക് എക്കൗണ്ട് മരവിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ മുനിസിപ്പാലിറ്റി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. അപ്പീലും ഉപ ഹർജികളും ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ മുമ്പാകെ പരിഗണനയിലിരിക്കെ സ്ഥാപനത്തിന്റെ ബേങ്ക് എക്കൗണ്ട് ജപ്തി ചെയ്തത് നിയമവിരുദ്ധവും അന്യായവുമാണെന്നും അതു വഴി അപ്പീലിന്റെ ഗുണമനുഭവിക്കാൻ സാധിക്കാത്ത സ്ഥിതിയായെന്നും മുനിസിപ്പാലിറ്റി ചൂണ്ടിക്കാട്ടി. അപ്പീൽ സമർപ്പിക്കാനുള്ള കാലാവധി തീരുന്നതിനു മുമ്പും അപ്പീലും ഉപ ഹർജികളും ട്രൈബ്യൂണൽ മുമ്പാകെ പരിഗണനയിലിരിക്കുമ്പോഴും ബലമായി സ്ഥാപനത്തിന്റെ പണം വസൂലാക്കുന്നത് നിയമവിരുദ്ധമാണെന്ന് ഓർമ്മിപ്പിച്ച ഹൈക്കോടതി ഇ.പി.എഫ്. കമ്മീഷണറുടെ ജപ്തി ഉത്തരവ് ട്രൈബ്യുണലിന്റെ ഇടക്കാല ഉത്തരവ് വരെ തടഞ്ഞുവയ്ക്കുകയും സ്ഥാപനത്തിന്റെ റിട്ട് ഹർജി അനുവദിക്കുകയും ചെയ്തു.